©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | **2021 മാർച്ച് 30**<br>30th March 2021<br>**1196 മീനം 16**<br>16th Meenam 1196<br>**1943 ചൈത്രം 9**<br>9th Chaithra 1943 | നമ്പർ<br>No. **13** |

# PART III

# Fisheries Department

### ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) കോഴിക്കോടിന്റെ നടപടിക്രമം

വിഷയം :—ഫിഷറീസ്—സഹകരണം—മംഗലം ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർഎഫ്. (എം.ഐ.) 107-പ്രവർത്തനം നിർത്തൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :—(1) ഫിഷറീസ് അസി. രജിസ്ട്രാർ, പൊന്നാനിയുടെ 29-7-2019-ലെ എ. ആർ. എഫ്/148/19-ാം നമ്പർ കത്ത്.

(2) ഈ ആഫീസിലെ 20-12-2019-ലെ ഇതേ നമ്പർ ഉത്തരവ്.

(3) എഫ്. ഡി. ഒ., ഗ്രേഡ്-1 താനൂരിന്റെ 26-11-2020-ലെ എ/20-ാം നമ്പർ കത്ത്.

**ഉത്തരവ് നമ്പർ എഫ്. 1917/19 തീയതി 22-2-2021**

മലപ്പുറം ജില്ലയിലെ മംഗലം ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്. (എം. ഐ.) 107-ൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുകയോ സംഘം പുനരുജ്ജീവിപ്പിക്കുകയോ ചെയ്യുന്നതിന് യാതൊരു നടപടിയും സമയബന്ധിതമായി നടത്തിയിട്ടില്ലെന്നും ആയതിനാൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (2) (ബി) പ്രകാരം ടി സംഘം സമാപ്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി സൂചന പ്രകാരം ഫിഷറീസ് അസി. രജിസ്ട്രാർ, പൊന്നാനി ശുപാർശ സമർപ്പിക്കുകയും ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി 1969 കെ. സി. എസ്. ആക്റ്റ് വകുപ്പ് 65 പ്രകാരം പരിശോധന നടത്തുന്നതിന് എഫ്. ഡി. ഒ., ഗ്രേഡ്-1 താനൂരിനെ നിയോഗിച്ച് സൂചന (2) പ്രകാരം ഉത്തരവാകുകയും ആയതിന്റെ പരിശോധന റിപ്പോർട്ട് സൂചന (3) പ്രകാരം സമർപ്പിച്ചിട്ടുമുണ്ട്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്രവികസനം മുന്നിൽ കണ്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങളോടെ 6-12-1996-ൽ രജിസ്റ്റർ ചെയ്ത സംഘം ബൈലോ പ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുകയുണ്ടായില്ലെന്നും വകുപ്പ് 28 ചട്ടം

7 പ്രകാരം നിശ്ചിത കാലപരിധിക്കകം സംഘം യാതൊരു തുടർപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തിയിട്ടില്ലെന്നും ലഭ്യമായ 2017-18 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സംഘം ₹ 13,690 അറ്റനഷ്ടത്തിലാണെന്നും, ടി സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലാത്തതിനാൽ വകുപ്പ് 71 (സി) പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ 1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 3 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മംഗലം ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, ക്ലിപ്തം നമ്പർ എഫ്. (എം. ഐ.) 107-ൽ വകുപ്പ് 71 2(ബി) പ്രകാരം സംഘം പ്രവർത്തനം നിർത്തൽ ചെയ്തുകൊണ്ടും വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി എഫ്. ഡി. ഒ., ഗ്രേഡ്-1 പൊന്നാനിയെ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ആസ്തികളുടെയും ബാധ്യതകളുടെയും ചുമതല ഏറ്റെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത കാലാവധിയായ 2 മാസത്തിന് ശേഷം അവസാന സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/
ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല).

ഫിഷറീസ് ജോയിന്റ്
ഡയറക്ടർ ഓഫീസ്,
കോഴിക്കോട്.

---

## പരസ്യം

(1)

നമ്പർ സി/1237/2020. 2021 ഫെബ്രുവരി 23.

കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, മാടായി അംശം, പുതിയങ്ങാടി ദേശത്ത് ശ്രീമതി ഊലമ്മ കളത്തിൽ പറമ്പിൽ എന്നവരുടെ പേരിൽ കാരക്കടവ്-2, കോമത്ത്-2 ആകെ 4 ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിന് മത്സ്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളതാണ്. ശ്രീമതി ഊലമ്മ കളത്തിൽ പറമ്പിൽ 31-8-2013-ന് മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ഊന്നിവലയുടെ രജിസ്ട്രേഷനും ലൈസൻസും 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് ചട്ടങ്ങൾ പ്രകാരം തന്റെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് ശ്രീമതി ഊലമ്മ കളത്തിൽ പറമ്പിൽ എന്നവരുടെ മകനും അനന്തരാവകാശിയുമായ ശ്രീ. കളത്തിൽ പറമ്പിൽ രവീന്ദ്രൻ ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ അപേക്ഷിക്കുകയും ആയതിൻമേൽ നടത്തിയ അന്വേഷണത്തിൽ ശ്രീ. കളത്തിൽ പറമ്പിൽ രവീന്ദ്രൻ മേൽപ്പറഞ്ഞ ഊന്നിവലകളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് അർഹനാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീമതി ഊലമ്മ കളത്തിൽ പറമ്പിൽ എന്നവർക്ക് കാരക്കടവ്-2, കോമത്ത്-2 ആകെ 4 ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീ. കളത്തിൽ പറമ്പിൽ രവീന്ദ്രന് കൈമാറി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉള്ളപക്ഷം ആയത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പുകൂടാതെ മേൽപ്പറഞ്ഞ 4 (കാരക്കടവ്-2, കോമത്ത്-2) ഊന്നിവലകളുടെ അനുമതി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, മാടായി അംശം ദേശത്ത് താമസം ആയ ശ്രീ. കളത്തിൽ പറമ്പിൽ രവീന്ദ്രൻ എന്നയാളുടെ പേർക്ക് അനുവദിച്ചുകൊടുക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(2)

നമ്പർ സി-1052/2020. 2021 ഫെബ്രുവരി 25.

കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, മാടായി അംശം ദേശത്ത് ശ്രീ. പടിഞ്ഞാറെ കാട്ടിൽ ദാമോദരൻ എന്നയാളുടെ പേരിൽ ദാലിൽ ഉള്ള ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിന് മത്സ്യവകുപ്പ് അനുമതി നൽകിയിട്ടുള്ളതാണ്. ശ്രീ. പടിഞ്ഞാറെ കാട്ടിൽ ദാമോദരൻ 12-7-2017-ന് മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ഊന്നിവലയുടെ ലൈസൻസ് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രകാരം തന്റെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് ശ്രീ. പടിഞ്ഞാറെ കാട്ടിൽ ദാമോദരൻ എന്നയാളുടെ മകനും അനന്തരാവകാശിയുമായ ശ്രീ. പടിഞ്ഞാറെ കാട്ടിൽ സനീഷ് ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ അപേക്ഷിക്കുകയും ആയതിന്മേൽ നടത്തിയ അന്വേഷണത്തിൽ ശ്രീ. പടിഞ്ഞാറെ കാട്ടിൽ സനീഷ് മേൽപ്പറഞ്ഞ ഊന്നിവല ലൈസൻസ് ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് അർഹനാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ. പടിഞ്ഞാറെ കാട്ടിൽ ദാമോദരന്റെ ദാലിൽ ഉള്ള 2 ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള രജിസ്ട്രേഷൻ അനുമതി ശ്രീ. പടിഞ്ഞാറെ കാട്ടിൽ സനീഷിന് കൈമാറി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉള്ള പക്ഷം ആയത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പുകൂടാതെ മേൽപ്പറഞ്ഞ രണ്ട് ഊന്നിവലകളുടെ അനുമതി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, മാടായി അംശം ദേശത്ത് താമസം ആയ ശ്രീ. പടിഞ്ഞാറെ കാട്ടിൽ സനീഷ് എന്നയാളുടെ പേർക്ക് അനുവദിച്ചുകൊടുക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കണ്ണൂർ. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.